2023
ജൂൺ
വാല്യം 16 | ലക്കം 6
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## തിരുഹൃദയ മാസം



സ്പെയിനിലെ ബിൽബാവോ രൂപതാ  ബിഷപ്പുമായിട്ടുള്ള
അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ കൂടിക്കാഴ്ച.



സ്പെയിനിൽ പഠിക്കുന്ന വൈദികരും വൈദിക വിദ്യാർത്ഥികളുമൊത്ത്
അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2023 JUNE  Registered Newspaper, Reg.No. KERMAL/2008/24745  Vol.16 • No.6

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ

6. വൈദികരുടെ വാർഷിക ധ്യാനം

7. APPOINTMENTS AND TRANSFERS

10. ഫ്രാൻസിസ് പാപ്പായുടെ ദൈവവിളിദിന സന്ദേശം

17. കെ.ആർ.എൽ.സി.സി. സ്ഥാപനദിനം

19. ലോഗോസ് ക്വിസ് -2023

20. കെ.എൽ.സി. ഡബ്ല്യൂ.എ. സ്ഥാപനദിനം

22. കേരള സഭാനവീകരണം 2022-2025

24. ചെറുപുഷ്പ മിഷൻലീഗ്

25. ഇടവക വാർത്തകൾ

26. അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ സ്പെയിൻ സന്ദർശനം


27. ദൈവവിളി ക്യാമ്പ്

32. വി.എസ്.എസ്.എസ്. വാർത്തകൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial



# ജൂൺ: സ്നേഹത്തിന്റെ മാസം

**ജൂ**ൺ സ്നേഹത്തിന്റെ മാസമാണ്. സ്നേഹത്തിന്റെ നാലു തിരുനാളുകളാണ് തിരുസഭയിൽ നാം ഈ മാസം കൊണ്ടാടുന്നത്. "ദൈവം സ്നേഹമാകുന്നു." (1 യോഹ. 4:8) "സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു." (1 യോഹ. 4:16) എന്ന രഹസ്യം വെളിപ്പെടുത്തുന്ന പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ നാം ജൂൺ മാസം 4-ാം തീയതി ആഘോഷിക്കുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വന്തം ജീവൻപോലും നൽകി സ്നേഹിക്കുന്ന ദൈവപുത്രനായ യേശുവിന്റെ ദിവ്യകാരുണ്യത്തിന്റെ അനുഭവം പകരുന്ന "നമ്മുടെ കർത്താവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും തിരുനാൾ ജൂൺ 11-ാം തീയതി നാം കൊണ്ടാടും. ദൈവസ്നേഹത്തിന്റെ ഉറവയും അതിന്റെ ഏറ്റവും വലിയ പ്രതീകവുമായ നമ്മുടെ കർത്താവിന്റെ തിരുഹൃദയതിരുനാൾ ജൂൺ മാസം 18-ാം തീയതി നാം ആഘോഷിക്കും. അന്നുതന്നെ ലോകജനതയോടു ചേർന്ന് പിതാക്കന്മാരുടെ ദിനവും (Father's Day) അതിന്റെ തലേദിവസം (ജൂൺ 17-ാം തീയതി), നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ ത്യാഗോജ്വല സ്നേഹത്തിന്റെ, വിമലഹൃദയത്തിന്റെ, തിരുനാളും നാം ആഘോഷിക്കും. ഈ തിരുനാളുകൾ കൂടാതെ ജൂൺ മാസം മുഴുവൻ തിരുഹൃദയത്തിന്റെ വണക്കത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുകയാണല്ലോ. നമുക്ക് ആശ്വാസമരുളാൻ, ദൈവസ്നേഹത്തിലേക്ക് മാടിവിളിക്കുന്ന, നമുക്ക് രക്ഷയേകുന്ന തിരുരക്തത്തിന്റെയും നമുക്ക് സംതൃപ്തിയും സമൃദ്ധമായ ജീവനുമേകുന്ന തിരുജലത്തിന്റെയും ഉറവയായി നമുക്കുവേണ്ടി തുറക്കപ്പെട്ട തിരുഹൃദയത്തെ വണങ്ങി നമ്മുടെ ദൈവാലയങ്ങളിലും ഭവനങ്ങളിലും ഈ മാസത്തിലെ ഓരോ ദിവസവും ധ്യാനവും പ്രാർത്ഥനയും നടത്തുന്നുണ്ടല്ലോ.

### സ്നേഹവും മനുഷ്യജീവിതവും

സ്നേഹവും മനുഷ്യജീവിതവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. മനുഷ്യർ ഉരുവാകുന്നത് അപ്പന്റെയും അമ്മയുടെയും സ്നേഹബന്ധത്തിന്റെ ഫലമായിട്ടാണ്. അവർ മനുഷ്യരായി വളരുന്നത് അമ്മയുടെയും

അപ്പന്റെയും സഹോദരങ്ങളുടെയും കൂട്ടുകാരുടെയും അധികാരികളുടെയും അദ്ധ്യാപകരുടേയും സ്നേഹം നുകർന്നുകൊണ്ടാണ്. അവർ പക്വത പ്രാപിക്കുന്നത് സ്നേഹിക്കുവാനുള്ള ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ്. ജീവിത സാഫല്യം നേടുന്നതും സ്നേഹത്തിലൂടെ തന്നെ.

**സ്നേഹമെന്ന പദത്തിന്റെ ഉപയോഗവും ദുരുപയോഗവും**

ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നതും ദുരുപയോഗിക്കപ്പെടുന്നതുമായ വാക്കാണ് സ്നേഹം എന്നത്. വെറും ആകർഷണത്തെ, ഇഷ്ടപ്പെടലിനെ, പുകഴ്ത്തപ്പെടലിനെ സ്നേഹമായി തെറ്റിദ്ധരിക്കാറുണ്ട്. സ്നേഹത്തിൽ ആകർഷണവും ഇഷ്ടപ്പെടലും ഉണ്ടെങ്കിലും അവ യഥാർത്ഥ സ്നേഹമല്ല. സ്നേഹം ദൈവികമാണ്. കിട്ടുക, നേടുക, സ്വന്തമാക്കുക എന്നതിനേക്കാൾ കൊടുക്കുക, പങ്കുവയ്ക്കുക എന്നതിലാണ് സ്നേഹത്തിൽ ശ്രദ്ധ. തന്നിൽ എന്നതിനേക്കാൾ അപരനിലാണ് സ്നേഹത്തിന്റെ ഊന്നൽ. തന്റെ ഇഷ്ടത്തിലെന്നതിനേക്കാൾ അപരന്റെ ഇഷ്ടത്തിനാണ് അവിടെ പ്രാധാന്യം. മറ്റുള്ളവരെ തന്റെ സംതൃപ്തിക്കും സുഖത്തിനുംവേണ്ടി ഉപയോഗിക്കുക എന്നതിനേക്കാൾ സ്നേഹിതന്റെ സംതൃപ്തിക്കും സുഖത്തിനും സന്തോഷത്തിനും വേണ്ടി തന്നെത്തന്നെ സമർപ്പിക്കുന്നതാണ് സ്നേഹം. അപരനു നന്മ വരണം എന്ന് തീവ്രമായി ആശിക്കുകയും അതിനായി തന്നെത്തന്നെ സമർപ്പിക്കുന്നതുമാണ് യഥാർത്ഥ സ്നേഹം. വെറും ഇഷ്ടപ്പെടലും ആകർഷണവും പുകഴ്ത്തലുമൊക്കെ പൂർണ്ണമായ  സംതൃപ്തിയേകില്ല. അവ ശാശ്വതവുമല്ല. യഥാർത്ഥ സ്നേഹമാകട്ടെ, നമുക്ക് സംതൃപ്തിയേകും. അത് ശാശ്വതമായ സന്തോഷം, ആർക്കും എടുത്തുകളയാനാകാത്ത (യോഹ. 6:22) സന്തോഷം വരുത്തുകയും ചെയ്യും.

**ദൈവസ്നേഹത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹവും വിശപ്പും**

എല്ലാ മനുഷ്യരിലും ദൈവത്തിന്റെ സ്നേഹത്തിനുവേണ്ടിയുള്ള വിശപ്പും ദാഹവുമുണ്ട്. ദൈവത്തിനുവേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ് നാമോരോരുത്തരും. ദൈവത്തെക്കൊണ്ട് മാത്രമേ, ദൈവസ്നേഹം കൊണ്ടു മാത്രമേ യഥാർത്ഥ സംതൃപ്തിയുണ്ടാകൂ. ചെല്ലേണ്ടത് ചെല്ലേണ്ടപ്പോൾ, ചെല്ലേണ്ടിടത്ത് ചെല്ലേണ്ടപോലെ ചെല്ലണം. ദൈവത്തിന്റെ സ്നേഹം ആവോളം നുകർന്നാൽ മാത്രമേ യഥാർത്ഥ ജീവിത സംതൃപ്തിയുണ്ടാകൂ. ഇല്ലെങ്കിൽ നാം അസംതൃപ്തരായി, ആർത്തരായി, മറ്റെല്ലാത്തിന്റെയും പുറകേ അലയും. അതാണ് നമ്മുടെ എല്ലാ ആസക്തികളുടേയും കാരണം. അത് വിഗ്രഹാരാധനപോലെയാണ്. ദൈവമല്ലാത്തതിനെ ദൈവമെന്ന് കരുതി, ദൈവസ്ഥാനത്തു പ്രതിഷ്ഠിച്ച് ദൈവത്തോടെന്നപോലെ പെരുമാറുന്നതാണ് വിഗ്രഹാരാധന. വിഗ്രഹമെന്നത് വ്യക്തികളാകാം, വസ്തുക്കളാകാം (ധനം, സ്ഥലം, സ്വത്തുക്കൾ തുടങ്ങിയവ) അനുഭവങ്ങളാകാം (അധികാരം, ലൈംഗികത, മദ്യം,

മയക്കുമരുന്ന്, ലഹരി തുടങ്ങിയവ.) അവ ദൈവത്തിനു മാത്രമേകാൻ സാധിക്കുന്ന സംതൃപ്തിയും സുഖവും സന്തോഷവും ഏകുന്നു എന്ന തോന്നലുളവാക്കുമെങ്കിലും അവയെല്ലാം അസംതൃപ്തിയിലേക്കും കുറ്റ ബോധത്തിലേക്കും ദുഃഖത്തിലേക്കും വിനാശത്തിലേക്കും കൂടുതൽ ആർ ത്തിയിലേക്കുമാണ് നയിക്കുക. അവിടെ നാം അടിമകളാക്കപ്പെടുന്നു. എന്നാൽ യഥാർത്ഥ ദൈവമോ ദൈവസ്നേഹാനുഭവമോ, യഥാർത്ഥ സംതൃപ്തിയും സുഖവും സന്തോഷവും നിറച്ച് നമ്മെ യഥാർത്ഥ സ്വാത ന്ത്ര്യത്തിലേക്ക്, ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കും.

**ജൂൺ മാസത്തിൽ**

അതിനായി നൽകപ്പെട്ട വഴികളാണ് ജൂൺമാസത്തിൽ നാം ആഘോ ഷിക്കുക. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസവും ദിവ്യബലിയർപ്പണ ത്തിലെ പങ്കാളിത്തവും തിരുഹൃദയ ഭക്തിയുമെല്ലാം ദൈവസ്നേഹ ത്തിന്റെ നേരെ നമ്മുടെ ഹൃദയവും മനസ്സും ജീവിതവും തുറന്നുവയ് ക്കാനും കൂദാശകളിലൂടെയും ബൈബിളിലൂടെയും കൂട്ടായ്മകളിലൂടെയും ശുശ്രൂഷകളിലൂടെയും ദൈവസ്നേഹം ആവോളം നുകരാനും അതിലൂടെ ലഭിക്കുന്ന സംതൃപ്തിയും, സുഖവും, സന്തോഷവും അനുഭവിച്ച് ദൈവ ത്തിനും ദൈവസ്നേഹത്തിനും സാക്ഷ്യം വഹിക്കാനും ആഹ്വാനമേകുന്ന മാസമാണ് ജൂൺ മാസം. സ്നേഹത്തിന്റെ–സ്നേഹം അനുഭവിക്കുന്നതി ന്റെയും, സ്നേഹത്തിൽ രൂപാന്തരപ്പെടുന്നതിന്റെയും, സ്നേഹം പകരു ന്നതിന്റെയും മാസം!

*ചീഫ് എഡിറ്റർ*

## വൈദികരുടെ വാർഷിക ധ്യാനം

2023 ജൂൺ 18 മുതൽ 23 വരെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്ത പ്പെടുന്നു. തൃശൂർ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ധ്യാനം നയിക്കും. ബഹു. വൈദി കർ എല്ലാവരും ജൂൺ 18 ഞായറാഴ്ച വൈകുന്നേരം 7.30ന് മുമ്പായി വിമലഗിരി പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരണമെന്ന് സ്നേഹപുരസരം ഓർമ്മിപ്പിക്കുന്നു. ധ്യാനദിവസങ്ങളിൽ ഇട വകകളിലെ ശുശ്രൂഷകൾക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്യു മല്ലോ. നമ്മുടെ വൈദികർക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്ക ണമെന്നും അഭ്യർത്ഥിക്കുന്നു.

*വികാരി ജനറാൾ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANSFERS

1. Rev. Fr. Wilson Kappattil OCD is appointed as the Parish Priest of Good Shepherd Church, Kottayam.
2. Rev. Fr. Benny Acharuparambil OCD is appointed as the Parish Priest of St. Pius X Church, Pius Nagar.
3. Rev. Fr. Francis Thomas Kurisummoottil CFIC is appointed as the Parish Priest of St. Martin D’ Porres Church, Adimaly.
4. Rev. Fr. Varghese (Bobby) Christopher is transferred from St. Martin D’ Porres Church, Adimaly and is appointed as the Priest- in-Charge of St. Joseph’s Church, Thopramkudy.
5. Rev. Fr. Antony (Bobby) Kochuparackal is transferred from St. Joseph’s Church, Thopramkudy and is appointed as the Parish Priest of Our Lady of Lourdes’ Church, Kumily.
6. Rev. Fr. Varghese Alumkal is transferred from Our Lady of Lourdes’ Church, Kumily and is appointed as the Parish Priest of Little Flower Church, Elikkulam.
7. Rev. Fr. Isaac Padinjarekuttu is transferred from Little Flower Church, Elikkulam and is appointed as the Parish Priest of Mary Queen’s Church, Nedumudy.
8. Rev. Fr. Dominic Savio Kandathichirayil is transferred from Mary Queen’s Church, Nedumudy and is appointed as the Parish Priest of St. Mary’s Church, Elakkad.
9. Rev. Fr. Paul Chalaveettil is transferred from St. Mary’s Church, Elakkad and is appointed as the Parish Priest of Infant Jesus Church, Maduravely.
10. Rev. Fr. Ajeesh Thudipparakkel Csjbp is appointed as the Parish Priest of Little Flower Church, Ranny.
11. Rev. Fr. Joseph Meenaikodath is transferred from Infant Jesus Minor Seminary, Kottayam and is appointed as the Parish Priest of St. Mary’s Church, Manarkad.

12. Rev. Fr. Abraham Kaliath is transferred from St. Mary's Church, Manarkad and is appointed as the Parish Priest of St. Francis Xavier's Church, Kanjirapara.
13. Rev. Fr. Francis Nedumparambil is transferred from St. Francis Xavier's Church, Kanjirappara and is appointed as the Parish Priest of Assumption Church, Vandiperiyar.
14. Rev. Fr. Joseph Nelson Avaravila is transferred from Assumption Church, Vandiperiyar and is appointed as the Parish Priest of St. Mary's Church, Marayoor.
15. Rev. Fr. Jose Manuel Kaithakuzy is transferred from St. Mary's Church, Marayoor and is appointed as the Parish Priest of Infant Jesus Church, Elappara.
16. Rev. Fr. Fernando Kallupalam is transferred from Infant Jesus Church, Elappara and is appointed as the Parish Priest of Holy Family Church, Idukki.
17. Rev. Fr. Pius Kudakassery is transferred from Holy Family Church, Idukki and is appointed as the Parish Priest of Mount Carmel Church, Kavalangad.
18. Rev. Fr. Mathew (Sojan) Kallel is transferred from Mount Carmel Church, Kavalangad and is appointed as the Parish Priest in Charge of St. Joseph's Church, Surianelly
19. Rev. Fr. Vijosh Joseph Mulloor is transferred from St. Joseph's Church, Surianelly and is appointed as the Parish Priest of Velankanni Matha Church, Biyelreve.
20. Rev. Fr. Mathew Madathil is transferred from Velankanny Matha Church, Bielreve and is appointed as the Parish Priest of St. Joseph's Church, Velliamattom.
21. Rev. Fr. Alexander (Sojan) Kumbalathuparambil is transferred from St. Joseph's Church, Velliamattom and is appointed as the Parish Priest of St. Teresa's Church, Yellappetty.
22. Rev. Fr. Antony (Shaji) Chelatt is transferred from St. Theresa's Church, Yellappetty and is appointed as the Parish Priest of Little Flower Church, Kozhippilly.
23. Rev. Fr. Joy Kolathady is transferred from Little Flower Church, Kozhippilly and is appointed as the Parish Priest of St. Ann's Church, Palllivasal.
24. Rev. Fr. Francis Kambolathuparambil is transferred from St. Ann's

Church, Pallivasal and is appointed as the Parish Priest of Our Lady's Church, Chinnakanal.

25. Rev. Fr. Baiju Thomas Kalappurayil HGN is transferred from Our Lady's Church, Chinnakanal and is appointed as the Parish Priest of St. Thomas Church, Vechoochira.
26. Rev. Fr. Scaria (Jiss) Anickal is transferred from St. Thomas Church, Vechoochira and is appointed as the Parish Priest of Mount Carmel Church, Thiruvanchoor.
27. Rev. Fr.Lijomon Leen Kacheriveedu OSJ is appointed as the Assistant Parish Priest of St. Mary's Church, Vadavathoor.
28. Rev. Fr. Derin Vaz is transferred from Ave Maria Church, Devikulam and is appointed as the Assistant Parish Priest of Sacred Heart Church, Pambanar.
29. Rev. Fr. Joseph Jibin Mundassery is transferred from Mount Carmel Church, Thiruvanchoor and is appointed as the Assistant Parish Priest of Assumption Church, Vandiperiyar.
30. Rev. Fr. Hilary Joseph Thekkekuttu is appointed as the Financial Administrator of the Diocese of Vijayapuram.
31. Rev. Fr. Augustine P. Asir is appointed as the Rector of Infant Jesus Minor Seminary, Kottayam.
32. Rev. Fr. Joseph Poovathumkal is appointed as the Coordinator of the Family Ministry and as the Director of the Family Apostolate.
33. Rev. Fr. Abraham Kaliath is appointed as the Director of the Bible Apostolate of the Diocese of Vijayapuram
34. Rev. Fr. Johnson Ottathengungal is appointed as the Defender of Bond and Promoter of Justice of the Diocesan Tribunal.
35. Rev. Fr. Varghese Alunkal is appointed as the Coordinator of the Laity Ministry and the Director of the Laity Commission.
36. Rev. Fr. Joseph Tharayil is appointed as the President of the Kottayam Zone of the Vijayapuram Social Service Society.
37. Rev. Fr. Varghese Alunkal is appointed as the President of the Vazhoor Zone of Vijayapuram Social Service Society.
38. Rev. Fr. Antony Chelatt is appointed as the President of the Muvattupuzha Zone of the Vijayapuram Social Service Society.
39. Rev. Sr. Mary Ansa, DIH is appointed as the Vice Chancellor of the Diocese.

# 2023–ലെ ദൈവവിളികൾക്കായുള്ള പ്രാർഥനാദിനത്തിനുവേണ്ടിയുള്ള

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

# ദൈവവിളി: കൃപയും ദൗത്യവും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, പ്രിയപ്പെട്ട യുവതീയുവാക്കന്മാരേ,

1964–ൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനമധ്യേ വിശുദ്ധ പോൾ ആറാമൻ പാപ്പാ ദൈവവിളിക്കായുള്ള പ്രാർഥനാദിനം സ്ഥാപിച്ച ശേഷം ഇപ്പോൾ അറുപതാമത്തെ തവണയാണ് നാം ഇത് ആഘോഷിക്കുന്നത്. ഇന്നത്തെ ലോകത്തിൽ ക്ലേശങ്ങളുടെയും പ്രത്യാശകളുടെയും, വെല്ലുവിളികളുടെയും നേട്ടങ്ങളുടെയും മധ്യേ, ദൈവജനത്തിലെ അംഗങ്ങളായ നാം വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മെ ഓരോരുത്തരെയും കർത്താവ് ഭരമേല്പിക്കുന്ന വിളിയോടും ദൗത്യത്തോടും പ്രതികരിക്കുന്നതിൽ, നമ്മെ സഹായിക്കുന്നതിനു ദൈവപരിപാലനയുടെ ഭാഗമായിത്തന്നെ ഉരുത്തിരിഞ്ഞതായിരുന്നു ആ പുതിയ സംരംഭം.

ഈ വർഷം നിങ്ങളുടെ വിചിന്തനത്തിനും പ്രാർഥനയ്ക്കുമായുള്ള മാർഗദർശകവിഷയമായി ഞാൻ നിങ്ങൾക്കു നല്കുന്നത്, "ദൈവവിളി കൃപയും ദൗത്യവും" എന്നതാണ്. ദൈവത്തിന്റെ വിളിയെന്നത് കൃപയാണെന്ന്, സമ്പൂർണദാനമാണെന്ന്, ആശ്ചര്യപൂർവം ഓർക്കാനുള്ള ഒരു അമൂല്യ അവസരമാണ് ഈ ദിനം; അതോടൊപ്പം സുവിശേഷം അന്യരിലേക്ക് എത്തിക്കാനുള്ള നമ്മുടെ സമർപ്പണത്തിന്റെ അവസരം കൂടിയാണിത്. സാക്ഷ്യംനല്കുന്ന ഒരു വിശ്വാസത്തിലേക്കാണ് നാം വിളിക്കപ്പെടുന്നത്; കൂദാശകളിലും സഭാത്മക കൂട്ടായ്മയിൽ നാം അനുഭവിക്കുന്ന കൃപയുടെ ജീവിതത്തെ ലോകത്തിലുള്ള നമ്മുടെ പ്രവർത്തനവുമായി അത് നമ്മെ ഏറെ ബന്ധിപ്പിക്കുന്നു. പ്രേഷിതത്വം ദൈവത്തിന്റെതന്നെ പ്രവൃത്തിയാണെന്നുള്ള നിരന്തര ബോധ്യമുള്ള ക്രിസ്ത്യാനികൾ ആത്മാവിനാൽ നയിക്കപ്പെട്ട് അസ്ഥിത്വത്തിന്റെ പ്രാന്തപ്രദേശങ്ങളെകുറിച്ചും മാനവികതയുടെ ക്ഷോഭജനകമായ സാഹചര്യങ്ങളെക്കുറിച്ചും പ്രതികരിക്കാനായി വെല്ലുവിളിക്കപ്പെടുന്നു; അത് നാം ഒറ്റയ്ക്ക് നടപ്പിൽവരുത്തുന്ന ഒന്നല്ല; അത് നാം നമ്മുടെ സഹോദരീസഹോദരന്മാരോടൊത്ത് എപ്പോഴും സഭാത്മക കൂട്ടായ്മയിൽ, സഭയുടെ അജപാലകരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. എന്തെന്നാൽ, അത് ദൈവത്തിന്റെ നിരന്തര സ്വപ്നമായിരുന്നു, അതായത്, നാം അവിടത്തോടുകൂടെ സ്നേഹകൂട്ടായ്മയിൽ ജീവിക്കണമെന്നത്.

### "ലോകസ്ഥാപനത്തിനുമുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർ"

അപ്പോസ്തലനായ പൗലോസ് നമ്മുടെ മുമ്പിൽ അസാധാരണമായ ഒരു ചക്രവാളം തുറന്നുവയ്ക്കുന്നു: പിതാവായ ദൈവം, ക്രിസ്തുവിൽ, "തന്റെ മുമ്പാകെ സ്നേഹത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ നമ്മെ തിരഞ്ഞെടുത്തു. അവിടത്തെ തിരുമനസ്സിന്റെ പ്രീതിയനുസരിച്ച്, യേശുക്രിസ്തുവഴി തനിക്കുവേണ്ടി നമ്മെ ദത്തുപുത്രസ്ഥാനത്തേക്ക് അവിടന്നു മുൻകൂട്ടി നിശ്ചയിച്ചു" (എഫേ 1, 4-5). ജീവിതത്തെ അതിന്റെ പൂർണ അർത്ഥത്തിൽ നോക്കിക്കാണാൻ ഈ വാക്കുകൾ നമ്മെ സഹായിക്കുന്നു: ദൈവം നമ്മെ "ഗർഭംധരിച്ചത്" തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്; അവിടന്നു നമ്മെ അവിടത്തെ പുത്രീപുത്രന്മാരാക്കാൻ ആഗ്രഹിക്കുന്നു. സ്നേഹത്താലും സ്നേഹത്തിനും സ്നേഹത്തോടൊപ്പവുമാണ് നാം സൃഷ്ടിക്കപ്പെട്ടത്; സ്നേഹത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ പന്ഥാവിൽ നമ്മുടെ അസ്തിത്വത്തിന്റെ ഇഴകളുടെ ഭാഗമായിരിക്കുകയും നമ്മുടെ സന്തോഷത്തിന്റെ രഹസ്യമായിരിക്കുകയും ചെയ്യുന്ന ഈ വിളി, നിരന്തരം പുതിയ വഴികളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നമ്മുടെ മുമ്പിലേക്കു വരുന്നു. അത് നമ്മുടെ മനസ്സുകളെ പ്രശോഭിപ്പിക്കുന്നു; നമ്മുടെ ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നു; നമ്മെ അത്ഭുതപാരവശ്യം കൊണ്ടു നിറയ്ക്കുന്നു; അത് നമ്മുടെ ഹൃദയങ്ങളെ അഗ്നികൊണ്ട് ജ്വലിപ്പിക്കുന്നു. ചില സമയങ്ങളിൽ, തീർത്തും അപ്രതീക്ഷിതമായ വിധത്തിൽ ആത്മാവ് നമ്മിലേക്കു വരുന്നു. 1953 സെപ്തംബർ മാസം 21-ാംതിയതി എനിക്ക് അപ്രകാരമായിരുന്നു സംഭവിച്ചത്. അന്ന് ഞാൻ ഞങ്ങളുടെ വിദ്യാലയത്തിന്റെ ഒരു വാർഷികാഘോഷത്തിനു പോകുംവഴി ഒരു ദേവാലയത്തിന്റെ മുമ്പിലെത്തുകയും അവിടെ കുമ്പസാരകൂദാശയ്ക്കു അണയാൻ ഇടയാകുകയും ചെയ്തു. ആ ദിവസം എന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും എന്റെമേൽ അന്ന് ഒരു മുദ്ര ചാർത്തപ്പെടുകയും ചെയ്തു. അത് ഇന്നുവരെ നിലനില്ക്കുന്നു. സ്വയദാനത്തിനായുള്ള ദൈവത്തിന്റെ വിളി സാവധാനമാണ് വെളിച്ചത്തുവരുന്നത്: ദാരിദ്ര്യവുമായി നാം കണ്ടുമുട്ടുന്ന വേളകളിൽ, പ്രാർഥനയുടെ നിമിഷങ്ങളിൽ, സുവിശേഷത്തിന്റെ വ്യക്തമായ ഒരു സാക്ഷ്യം നാം കാണുമ്പോൾ, അല്ലെങ്കിൽ നമ്മുടെ മനസ്സിനെ സ്പർശിക്കുന്ന ഏതെങ്കിലും കാര്യം വായിക്കുമ്പോൾ. നമ്മൾ ദൈവവചനം കേൾക്കുകയും അത് നമ്മോട് നേരിട്ട് സംസാരിച്ചതായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുമ്പോൾ, ഒരു സഹസഹോദരനോ സഹോദരിയോ നല്കുന്ന ഉപദേശം കേൾക്കുമ്പോൾ, രോഗത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങൾ ഉണ്ടാകുമ്പോൾ – ഈ വഴികളിലൂടെയെല്ലാം ദൈവം നമ്മെ വിളിക്കുന്നു; ദൈവം അനന്തമായ സർഗാത്മ

കതയാണ് ഇവിടെയെല്ലാം പുലർത്തുന്നത്.

ദൈവത്തിന്റെ ഈ സംരംഭവും അവിടത്തെ കരുണാർദ്രമായ സമ്മാനവും നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു. ദൈവവിളിയെന്നത് "ദൈവികമായ ഒരു തെരഞ്ഞെടുപ്പും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ഒരു പരസ്പര പ്രവർത്തനമാണ്"; അത് ദൈവവും മനുഷ്യഹൃദയവും തമ്മിലുള്ള ചലനാത്മകവും ആവേശജനകവുമായ ഒരു ബന്ധമാണ്. നമ്മുടെ അസ്തിത്വമാകുന്ന ഭൂമിയിൽ പൊട്ടിമുളയ്ക്കുന്ന ഒരു ദൈവികവിത്താണ് ദൈവവിളി എന്ന ദാനം. അത് നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറന്നുവയ്ക്കാൻ ഇടവരുത്തുന്നു; അങ്ങനെ നാം തന്നെ കണ്ടെത്തിയ നിധി അവരോടൊപ്പം പങ്കുവയ്ക്കാൻ നമുക്കു സാധിക്കും. ഇതാണ് ദൈവവിളി എന്നതിനെക്കുറിച്ച് നമുക്കു പറയാവുന്ന അടിസ്ഥാന ഘടന: ദൈവം തന്റെ സ്നേഹത്തിൽ നമ്മെ വിളിക്കുന്നു; നാമാകട്ടെ കൃതജ്ഞതാപൂർവം സ്നേഹത്തിൽ പ്രത്യുത്തരിക്കുന്നു. നാം നമ്മെത്തന്നെ ഏകപിതാവിന്റെ വത്സലപുത്രീപുത്രന്മാരാണെന്നു മനസ്സിലാക്കുന്നു; നാം പരസ്പരം സഹോദരീസഹോദരന്മാരാണെന്നും ഗ്രഹിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യാ ഇക്കാര്യം "കണ്ടപ്പോൾ" വ്യക്തമായി ഉദ്ഘോഷിച്ചു; "ഇതാ അവസാനം ഞാൻ എന്റെ വിളി കണ്ടെത്തിയിരിക്കുന്നു: എന്റെ വിളി സ്നേഹമാണ്. ഇതാ, ഞാൻ യഥാർഥത്തിൽ സഭയിൽ എന്റെ ശരിയായ സ്ഥാനം കണ്ടെത്തിയിരിക്കുന്നു... എന്റെ മാതാവായ സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും."

## "ഈ ഭൂമിയിൽ ഞാൻതന്നെ ഒരു ദൗത്യമാണ്"

ദൈവത്തിന്റെ വിളി ഒരു "പറഞ്ഞയയ്ക്കൽ" ഉൾപ്പെട്ടതാണെന്നു നമ്മൾ പറഞ്ഞു. ദൗത്യമില്ലാത്ത ഒരു വിളി ഇല്ല. നമ്മൾ കണ്ടെത്തിയ പുതുജീവൻ മറ്റുള്ളവർക്ക് പകർന്നുകൊടുത്തില്ലെങ്കിൽ സന്തോഷവും പൂർണമായ ആത്മസാക്ഷാത്കാരവും ഉണ്ടാകില്ല. ദൈവത്തിന്റെ വിളി എന്നത് നമ്മെ നിശ്ശബ്ദരായിരിക്കാൻ അനുവദിക്കാത്ത ഒരനുഭവമാണ് നല്കുന്നത്. വിശുദ്ധ പൗലോസ് പറയുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" ( 1കോറി 9,16). യോഹന്നാന്റെ ഒന്നാം ലേഖനം ഇപ്രകാരമാണ് ആരംഭിക്കുന്നത്, "ഞങ്ങൾ കേട്ടതും കണ്ടതും, വീക്ഷിച്ചതും സ്പർശിച്ചതുമായ മാംസം ധരിച്ച വചനത്തെ ഞങ്ങളുടെ സന്തോഷം പൂർണമാക്കുന്നതിനായി ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു" (1, 1-4 കാണുക).

അഞ്ചുവർഷംമുമ്പ് "*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ*" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരോടുമായി ഞാൻ എഴുതി, "നിങ്ങളുടെ ജീവിതത്തെ മുഴുവനുമായി ഒരു

ദൗത്യമായി കാണേണ്ടതുണ്ട്" (ഖ. 23). അതേ, നാം ഓരോരുത്തരും ഇപ്രകാരം പറയുവാൻ പ്രാപ്തരാണ്, "ഞാൻ തന്നെയും ഈ ഭൂമിയിൽ ഒരു ദൗത്യമാണ്; അക്കാരണത്താലാണ് ഞാൻ ഈ ഭൂമിയിൽ ആയിരിക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം*, ഖ. 273).

ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം എവിടെ ആയിരിക്കുന്നുവോ അവിടെ സന്തോഷപൂർവകമായ സാക്ഷ്യം ഒരുമിച്ച് നല്കുക എന്നതാണ് നമ്മുടെ ദൗത്യം. യേശുവിനോടും ഇതര സഭാംഗങ്ങളോടും ചേർന്നുനിന്നുകൊണ്ട് ഒരു സഭയെന്ന നിലയിൽ നമ്മുടെ അനുഭവം വാക്കിലും പ്രവൃത്തിയിലും പങ്കുവയ്ക്കുന്നതാണ് ഈ ദൗത്യം. ഇത് സാക്ഷാത്കരിക്കപ്പെടുന്നത് ഭൗതികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികളിലാണ്; അതായത്, അന്യരെ സ്വാഗതം ചെയ്യുന്ന, സൗമ്യമായ ജീവിതശൈലി വഴിയായി. അത് പലതിനെയും പലരെയും പാഴ്വസ്തുവായി ഉപേക്ഷിക്കുന്നതിന്റെയും നിസ്സംഗതയുടെയും സംസ്കാരത്തിനുപകരം സാമീപ്യവും അനുകമ്പയും ആർദ്രതയും പ്രതിഫലിപ്പിക്കുന്നു. നല്ല സമറിയാക്കാരനെപ്പോലെ ഒരു അയൽക്കാരനായിത്തീർന്നുകൊണ്ട് (ലൂക്കാ 10, 25-37 കാണുക) ക്രിസ്തീയ ദൈവവിളിയുടെ മർമം നാം മനസ്സിലാക്കുന്നു: ശുശ്രൂഷിക്കപ്പെടുന്നതിലുപരി ശുശ്രൂഷിക്കാനായി വന്ന യേശുക്രിസ്തുവിനെ അനുകരിക്കുക എന്നത് (മർക്കോ 10, 45 കാണുക).

ഈ വിധമുള്ള പ്രേഷിതപ്രവർത്തനം നമ്മുടെ കഴിവുകളിൽനിന്നോ, പദ്ധതികളിൽനിന്നോ ആലോചനകളിൽനിന്നോ ആവിർഭവിക്കുന്ന ഒന്നല്ല; സൽകൃത്യങ്ങൾ പരിശീലിപ്പിക്കുക എന്ന നമ്മുടെ കേവലം ഇച്ഛാശക്തിയിൽ നിന്നുമല്ല അതു വരുന്നത്; അത് യേശുവുമായി സഹവസിക്കുന്നതിന്റെ അഗാധമായ അനുഭവത്തിന്റെ അനന്തരഫലമാണ്. അപ്പോൾ മാത്രമാണ്, നമുക്കു ഒരു വ്യക്തിക്കുവേണ്ടി, ഒരു ജീവിതത്തിനുവേണ്ടി സാക്ഷ്യം നല്കാനാകൂ; അങ്ങനെ നാം "അപ്പോസ്തലന്മാരാകും." അപ്പോഴാണ്, "പ്രകാശം പരത്തുന്ന, ആശീർവദിക്കുന്ന, ഉജ്ജീവിപ്പിക്കുന്ന, ഉയിർപ്പിക്കുന്ന, സുഖപ്പെടുത്തുന്ന, സ്വതന്ത്രമാക്കുന്ന ഈ ദൗത്യംവഴിയായി മുദ്രിതരാക്കപ്പെട്ടവരും അടയാളപ്പെടുത്തപ്പെട്ടവരുമായി നാം നമ്മെത്തന്നെ മനസ്സിലാക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം* ഖ. 273).

എമ്മാവുസിലേക്കു യാത്ര ചെയ്ത രണ്ടു ശിഷ്യരുടെ അനുഭവമാണ് ഇതിന്റെ സുവിശേഷ ചിത്രം. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയ ശേഷം അവർ പരസ്പരം പറഞ്ഞു: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നില്ലേ?" (ലൂക്കാ 24, 32). "ഹൃദയം അഗ്നിയാൽ ജ്വലിക്കുക", "പാദങ്ങൾ നീങ്ങി

ക്കൊണ്ടിരിക്കുക" എന്നൊക്കെ പറയുന്നതിന്റെ അർഥമെന്താണെന്ന് ആ ശിഷ്യരിൽ നിന്നു നമുക്കു മനസ്സിലാക്കാനാകും. ലിസ്ബനിൽ നടക്കാനിരിക്കുന്ന ലോകയുവജനദിനത്തെ ഉന്നംവച്ചുള്ള എന്റെ തീക്ഷ്ണമായ പ്രത്യാശ ഇതാണ്. ഞാൻ സന്തോഷപൂർവം ഈ ആപ്തവാക്യവുമായി അതിനായി കാത്തിരിക്കുന്നു: "മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പോയി" (ലൂക്കാ 1,39). ഹൃദയം അഗ്നിയാൽ ജ്വലിച്ച് എഴുന്നേറ്റ് തിടുക്കത്തിൽ പോകാൻ എല്ലാ സ്ത്രീപുരുഷന്മാരും ക്ഷണിക്കപ്പെട്ടതായി അനുഭവപ്പെടട്ടെ എന്നതാണെന്റെ ആശംസ.

## ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവർ

പന്ത്രണ്ട് ശിഷ്യന്മാരെ ഓരോരുത്തരെയും യേശു തന്റെ പക്കലേക്ക് പേര് ചൊല്ലി വിളിച്ച നിമിഷത്തെ സുവിശേഷകനായ മർക്കോസ് വിവരിക്കുന്നു. തന്നോടുകൂടെ ആയിരിക്കാനും സന്ദേശം അറിയിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും പിശാചുക്കളെ ബഹിഷ്കരിക്കാനുംവേണ്ടി അയക്കപ്പെടാനുമായി അവിടന്ന് അവരെ നിയോഗിച്ചു (മർക്കോ 3,13 കാണുക). അങ്ങനെ കർത്താവ് തന്റെ പുതിയ സമൂഹത്തിന്റെ അടിസ്ഥാനങ്ങളിട്ടു. ആ പന്ത്രണ്ടുപേർ വ്യത്യസ്ത സാമൂഹ്യഗണത്തിലും തൊഴിലിലും പെട്ടവരായിരുന്നു; അതിൽ ഒരാൾപോലും സ്വാധീനശക്തിയുള്ളവനായിരുന്നില്ല. സുവിശേഷങ്ങൾ മറ്റൊരുതരം വിളികളെകുറിച്ചും പറയുന്നു, അതായത്, 72 ശിഷ്യരുടെ വിളി; അവരെ യേശു ഈരണ്ടുപേരെവച്ച് പറഞ്ഞയച്ചു (ലൂക്കാ 10,1 കാണുക).

സഭ ഒരു *എക്ലേസിയാ* ആണ്. ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവരുടെ ഗണം എന്നാണ് ഈ ഗ്രീക്ക് പദത്തിന്റെ അർഥം. ദൈവരാജ്യത്തിന്റെ വരവിനായി തങ്ങളുടെ ഇടയിൽ പരസ്പരം സ്നേഹം

പങ്കുവയ്ക്കാനും ആ സ്നേഹം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കാനും (യോഹ 13,34; 15,12) അങ്ങനെ യേശുക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ ഒരു സമൂഹം സൃഷ്ടിക്കാനുമായിരുന്നു അത്.

സഭയ്ക്കുള്ളിൽ നമ്മൾ എല്ലാവരും ഭൃത്യരാണ്; അത് നമുക്കു ലഭിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദൈവവിളികളുടെയും സിദ്ധികളുടെയും (charisms) ശുശ്രൂഷകളുടെയും അടിസ്ഥാനത്തിലാണ്. സ്നേഹത്തിൽ നമ്മെത്തന്നെ സമർപ്പിക്കുക എന്ന നമ്മുടെ പൊതുവായ വിളി വികാസം പ്രാപിക്കുന്നതും മൂർത്തമായ ഭാവം സ്വീകരിക്കുന്നതും അത്മായരായ സ്ത്രീപുരുഷന്മാരിൽ നാം കണ്ടെത്തുന്നു. അവർ കുടുംബത്തെ ഒരു ചെറിയ *ഗാർഹിക സഭ* എന്നപോലെ വളർത്തിയെടുക്കുകയും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ നവീകരിക്കാനായി സുവിശേഷത്തിന്റെ പുളിമാവായി പ്രവർത്തിക്കുകയും ചെയ്യുന്നു; ദൈവരാജ്യത്തിന്റെ പ്രവചനാത്മക സൂചന എന്നവിധം തങ്ങളുടെ സഹോദരീസഹോദരന്മാർക്കുവേണ്ടി ദൈവത്തിനു തങ്ങളെത്തന്നെ സമ്പൂർണ

മായി അർപ്പിച്ചിരിക്കുന്ന സമർപ്പിത സ്ത്രീപുരുഷന്മാരുടെ സാക്ഷ്യത്തിലും അതടങ്ങിയിരിക്കുന്നു; അഭിഷിക്തരായ ശുശ്രൂഷകർ– ഡീക്കന്മാർ, പുരോഹിതർ, മെത്രാന്മാർ – വചനപ്രഘോഷണത്തിലൂടെയും പ്രാർഥനയിലൂടെയും ദൈവത്തിന്റെ പരിശുദ്ധ ജനത്തിന്റെ കൂട്ടായ്മ വളർത്താൻ നടത്തുന്ന ശ്രമത്തിലും ഈ സാക്ഷ്യമുണ്ട്. മറ്റുള്ള എല്ലാവരുമായുള്ള ബന്ധത്തിൽ മാത്രമേ, സഭയിലെ ഏതൊരു പ്രത്യേക ദൈവവിളിയും അതിന്റെ യഥാർഥ സ്വഭാവവും സമ്പന്നതയും പ്രകടമാക്കുകയുള്ളൂ. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ സഭ ദൈവവിളികളുടെ "സ്വരലയം" (symphony) ആണ്. അതായത്, ഓരോ ദൈവവിളിയും വ്യത്യസ്തവും അതേസമയം സംയോജിച്ചതും, അങ്ങനെ ഐക്യത്തിലായിരുന്നുകൊണ്ട് ഒരുമിച്ച് ചേർക്കപ്പെട്ട് ദൈവരാജ്യത്തിന്റെ നവജീവൻ പ്രതിഫലിപ്പിക്കാൻ ലോകം മുഴുവനിലേക്കും ഇറങ്ങിപ്പുറപ്പെടുന്നതുമാണ്.

**കൃപയും ദൗത്യവും: ഒരു സിദ്ധിയും സാധനയും**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ദൈവവിളി ഒരു സിദ്ധിയും സാധനയുമാണ്. പുതുജീവന്റെയും യഥാർഥ സന്തോഷത്തിന്റെയും ഉറവിടം ഈ ദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രാർഥനയുടെയും പ്രവർത്തനത്തിന്റെയും സംരംഭങ്ങൾ നമ്മുടെ കുടുംബങ്ങളിലും, ഇടവക സമൂഹങ്ങളിലും സമർപ്പിത ജീവിത സമൂഹങ്ങളിലും, സഭാപരമായ സംഘടനകളിലും പ്രസ്ഥാനങ്ങളിലും ദൈവവിളിയെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തട്ടെ. ഉത്ഥിതനായ കർത്താവിന്റെ ചൈതന്യം നമ്മുടെ നിർവികാരത നശിപ്പിക്കുകയും നമ്മുടെ സഹാനുഭൂതിയും തന്മയീഭാവവും ബലപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, സ്നേഹംതന്നെയായ ദൈവത്തിന്റെ (1 യോഹ 4, 16 കാണുക) മക്കളായി ഓരോ ദിവസവും പുനർജനിച്ചു ജീവിക്കാൻ നമ്മെ അവിടന്നു പ്രാപ്തരാക്കുന്നു; ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവിടന്നു നമ്മെ കഴിവുറ്റവരാക്കുന്നു. അത് എല്ലായിടത്തും, ഏറെ പ്രത്യേകിച്ച് പുറന്തള്ളപ്പെടലും ചൂഷണവും, ദാരിദ്ര്യവും മരണവും ഉള്ളിടത്ത്, ജീവൻ പ്രസരിപ്പിക്കാൻ വേണ്ടിയാണ്; അതുവഴിയായി സ്നേഹത്തിന്റെ വിസ്തീർണം വർധിപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ ഭരണം വർധമാനമാംവിധം ഈ ലോകത്ത് അനുഭവപ്പെടാനുമാണ്.

വിശുദ്ധ പോൾ ആറാമൻ 1964 ഏപ്രിൽ 11-ാംതീയതി ആദ്യത്തെ ലോകദൈവവിളി ദിനത്തിനുവേണ്ടി രചിച്ച ഈ പ്രാർഥന നമ്മുടെ തീർഥാടനത്തിൽ നമ്മെ അനുയാത്ര ചെയ്യട്ടെ:

"ആത്മാക്കളുടെ ദിവ്യഇടയനായ യേശുവേ, നീ അപ്പോസ്തലന്മാരെ വിളിക്കുകയും അവരെ മനുഷ്യരെപ്പിടിക്കുന്നവരാക്കുകയും

ചെയ്തുവല്ലോ! നിന്റെ അനുയായികളും നിന്റെ ശുശ്രൂഷകരുമാകാൻ യുവതീയുവാക്കന്മാരുടെ ഇടയിൽനിന്ന് തീക്ഷ്ണമതികളും ഉദാരമനസ്ക്കരുമായ ആത്മാക്കളെ തുടർന്നും നിന്നിലേക്കു വിളിക്കണമേ. എല്ലാവരുടെയും രക്ഷയ്ക്കായുള്ള നിന്റെ ദാഹത്തിൽ പങ്കുചേരാൻ അവരെ അനുവദിക്കണമേ. അവരുടെ മുമ്പിൽ ലോകം മുഴുവന്റെയും ചക്രവാളങ്ങൾ തുറന്നുവയ്ക്കണമേ. നിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട്, ഈ ഭൂമിയിലുള്ള നിന്റെ ദൗത്യം അവർ വിപുലമാക്കട്ടെ. അങ്ങനെ അവർ നിന്റെ മൗതികശരീരമാകുന്ന സഭയെ പണിതുയർത്തുകയും, 'ഭൂമിയുടെ ഉപ്പും' 'ലോകത്തിന്റെ പ്രകാശവും' (മത്താ 5,13) ആയി ഭവിക്കുകയും ചെയ്യുമാറാകട്ടെ."

കന്യകമറിയം നിങ്ങളെ കടാക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങൾക്ക് എല്ലാവർക്കും എന്റെ ആശീർവാദം! പെസഹാക്കാലത്തിലെ നാലാം ഞായറാഴ്ചയായ 2023 ഏപ്രിൽ 30-ാംതീയതി റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025




**ജൂൺ**

## ജന്മദിനാശംസകൾ

| | |
|---|---|
| 01 | ഫാ. അനീഷ് ഒ.എഫ്.എം ക്യാപ് |
| 03 | ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് |
| 04 | ഫാ. പീറ്റർ പാലയ്ക്കൽ |
| 05 | ഫാ. വർഗീസ് മറ്റപ്പിള്ളിൽ |
| 06 | ഫാ. ജോസഫ് പൂവത്തുകാട് |
| 07 | ഫാ. ജോൺ മറ്റുപ്പിള്ളിൽ |
| 10 | ഫാ. പീറ്റർ നെൽസൺ |
| 14. | ഫാ. അൽഫോൻസ് ചക്കാലയ്ക്കൽ |
| 16 | ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ |
| 17 | ഫാ. വിക്ടർ ജോർജ്ജറ്റ് മേജർ |
| 19 | ഫാ. ജസ്റ്റിൻ പിൻഹീരോ |
| 21 | ഫാ. ഇമ്മാനുവൽ ചെമ്പാറ |
| 25 | ഫാ. ജോർജ് പുത്തൻപറമ്പിൽ |
| 25 | ഫാ. ജോസഫ് കാനപ്പിള്ളി |
| 28 | ഫാ. തോമസ് പഴവക്കാട്ടിൽ |
| 30 | ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ |

# മെയ് 24 കെ.ആർ.എൽ.സി.സി. സ്ഥാപനദിനവും മെയ് 31 മരിയൻ പ്രാർത്ഥനാദിനവും

വന്ദ്യവൈദികരേ, ബഹുമാന്യരായ സന്യസ്ഥരേ, സ്നേഹമുള്ള മാതാപിതാക്കന്മാരേ, യുവജനങ്ങളേ, പ്രിയകുഞ്ഞുമക്കളേ,

ഉത്ഥിതനായ യേശുവിന്റെ സമാധാനവും സന്തോഷവും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു.

**മെയ് 24 കെ.ആർ.എൽ.സി.സി.സ്ഥാപനദിനം**

കേരള ലത്തീൻസഭയുടെ ഏകോപനത്തിനും ശക്തീകരണത്തിനുമായി സജീവമായ പ്രാർത്ഥനയുടെയും പരിചിന്തനങ്ങളുടെയും ഫലമായി 2002 മെയ് 24-ാം തീയതി രൂപീകൃതമായ കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർ.എൽസി.സി.) രണ്ടു പതിറ്റാണ്ട് പൂർത്തിയാക്കി മുന്നേറുകയാണ്. കേരള ലത്തീൻ സമൂഹത്തിന്റെ ഉന്നത നയരൂപീകരണ ഏകോപന സമിതിയായ കെ.ആർ.എൽ.സി.സി. 2023 മെയ് 24-ാം തീയതി ബുധനാഴ്ച 21-ാം സ്ഥാപനദിനം ആചരിക്കുകാണ്.

കെ.ആർ.എൽ.സി.സിയുടെ ക്രാന്തദർശികളായ സ്ഥാപകനേതാക്കൾ ഭാഗ്യസ്മരണാർഹനായ ദാനിയേൽ അച്ചാരുപറമ്പിൽ പിതാവിനെയും തിരുവനന്തപുരം മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ സൂസപാക്യം പിതാവിനെയും മറ്റു വന്ദ്യപിതാക്കന്മാർ, വൈദികർ, അല്മായനേതാക്കൾ എന്നിരെയും കൃതജ്ഞതയോടെ നമുക്ക് അനുസ്മരിച്ച് അവരെപ്രതി ദൈവത്തിനു നന്ദിയർപ്പിക്കാം. ഒപ്പം നമ്മുടെ സമഗ്രവളർച്ചയ്ക്കും അവകാശസംരക്ഷണത്തിനുമായി കൂടുതൽ പ്രതിജ്ഞാബദ്ധതയോടെ നമുക്കേവർക്കും കർമ്മോത്സുകരാകാം. അന്നേദിവസം നമ്മുടെ എല്ലാ ദേവാലയങ്ങളിലും സന്യാസഭവനങ്ങളിലും ദിവ്യബലി മദ്ധ്യേ കെ.ആർ.എൽ. സി.സി യെയും അതിന്റെ വിവിധ പ്രവർത്തനങ്ങളെയും അനുസ്മരിക്കുകയും പ്രത്യേക പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. വിപുലമായ ആഘോഷപരിപാടികൾ ഒഴിവാക്കി ഈ വർഷം കെആർ.എൽ.സി.സി. സ്ഥാപനദിനത്തോടനുബന്ധിച്ച് മെയ് 24-ാം തീയതി ബുധനാഴ്ച രാവിലെ 10 മണിക്ക് എറണാകുളം ആശിർഭവനിൽവച്ച് സംവരണസമുദായങ്ങളുടെ സംഗമവും സംയുക്തകർമ്മപദ്ധതി രൂപീകരണവും നടത്തപ്പെടുന്നതാണ്. സാധ്യമാകുന്നവർ പ്രസ്തുതസംഗമത്തിൽ പങ്കുചേരാൻ ആഹ്വാനം ചെയ്യുന്നു. അന്നേദിവസം ഉച്ചയ്ക്കുശേഷം കെ.ആർ.എൽ.സി.സി. എക്സിക്യൂട്ടീവ് യോഗവും ആശിർഭവനിൽ ചേരുന്നതാണ്.

**മെയ് 31 മരിയൻ പ്രാർത്ഥനാദിനം**

കേരള കത്തോലിക്കരായ നാം പരമ്പരാഗതമായി മെയ് മാസം മരിയൻ വണക്കമാസമായി ആചരിക്കുന്നതാണല്ലോ. ആഗോളകത്തോലിക്കാസഭയിൽ ആരംഭിച്ചിരിക്കുന്ന സിനഡൽ പ്രക്രിയയുടെ അടുത്തഘട്ടത്തിലേക്കു പ്രവേശിക്കുന്നതിന്റെ ഭാഗമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ ഈ വർഷം മെയ് 31-ാം തീയതി സിനഡാത്മകതയെക്കുറിച്ചുള്ള സിനഡിന്റെ വിജയത്തിനായി പ്രത്യേക മരിയൻ പ്രാർത്ഥനാദിനം ആചരിക്കുവാൻ ആഹ്വാനം ചെയ്തിരിക്കുകയാണ്. അതിന്റെ ചുവടുപിടിച്ച് ഭാരത ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (സി.സി.ബി.ഐ.) ഇന്ത്യയിലെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ വർഷം മെയ് 31-ാം തീയതി സിനഡിന്റെ വിജയത്തിനായി പ്രത്യേക മരിയൻ പ്രാർത്ഥന നടത്തുവാൻ ആഹ്വാനം ചെയ്തിരിക്കുകയാണ്. പ്രസ്തുത പ്രാർത്ഥനാദിനത്തിനായി സിസിബിഐ പുറപ്പെടുവിച്ചിട്ടുള്ള പ്രാർത്ഥനാസഹായി ഇതോടൊപ്പം അയയ്ക്കുന്നു. ഇടവകകളിലും സന്യാസഭവനങ്ങളിലും കൂട്ടായ്മകളിലുമെല്ലാം ഈ പ്രാർത്ഥനാസഹായി എത്തിച്ചുനല്കുകയും പരമാവധി ഇടങ്ങളിൽ അന്നേദിവസം പ്രത്യേക പ്രാർത്ഥന നടക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുമല്ലോ.

കേരള ലത്തീൻ സമൂഹത്തിന്റെ വളർച്ചയ്ക്ക് എല്ലാവരുടെയും ത്യാഗപൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നിങ്ങളെല്ലാവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവദിച്ചുകൊള്ളുന്നു.

*സ്നേഹപൂർവ്വം,*

**വർഗീസ് ചക്കാലക്കൽ**

*കോഴിക്കോട് മെത്രാൻ, പ്രസിഡന്റ്, കെ.ആർ.എൽ.സി.സി.*

## പരേതരെ സ്മരിക്കാം - ജൂൺ

| | | |
|---|---|---|
| 02. | (1993) | ഫാ. ലൂയിസ് മേരി ഒ.സി.ഡി |
| 03. | (1995) | ഫാ. ഫ്രാൻസിസ് കുരുതുകുളം |
| 17. | (1982) | ഫാ. പീറ്റർ കുട്ടംപറമ്പിൽ (സി.) |
| 17. | (2000) | ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരി ഒ.സി.ഡി. |
| 17. | (2000) | ഫാ. ആന്റണി കൊടുവേലിപറമ്പിൽ ഒ.സി.ഡി. |
| 20. | (1984) | ഫാ. പയസ് മേരി ഒ.സി.ഡി. |
| 20. | (2020) | ഡോ. ഫ്രാൻസിസ് പാറവിള |
| 25. | (1983) | ഫാ. യൂജിൻ ഒ.സി.ഡി. |

# ബൈബിൾ അപ്പോസ്തലേറ്റ്
## വിജയപുരം രൂപത

## ലോഗോസ് ക്വിസ്

1. രജിസ്ട്രേഷൻ ജൂൺ 01 മുതൽ ജൂലൈ 31-ന് വരെ ആയിരിക്കും.
2. ABCDEF ക്രമത്തിൽ പേരെഴുതുക.
3. ലോഗോസ് ക്വിസ് 2023 ന്റെ രൂപതാതല മത്സരപരീക്ഷ സെപ്റ്റംബർ 24 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയായിരിക്കും.
4. രജിസ്ട്രേഷൻ ഫീസായി ഓരോ വ്യക്തിയും 10 രൂപ നൽകേണ്ടതാണ്.
5. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങളുണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന മൂന്നു ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതുവാനുള്ളതാണ്. ആദ്യത്തെ 100 ചോദ്യങ്ങളുടെ ഉത്തരങ്ങളാണ് ആദ്യം നോക്കുന്നത്. എന്നാൽ സമ്മാനാർഹരെ നിശ്ചയിക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്ന പക്ഷം അവസാനത്തെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കൂടി പരിശോധിച്ച് സമ്മാനാർഹരെ നിശ്ചയിക്കുന്നതായിരിക്കും.
6. A പ്രായവിഭാഗത്തിൽ 60 % ത്തിലും B, C, D, E, F പ്രായവിഭാഗങ്ങളിൽ 70 %ത്തിലും കൂടുതൽ മാർക്ക് വാങ്ങിക്കുന്നവർ വിജയികളാകും.
7. രൂപതാതല വിജയികൾക്കായി നടത്തപ്പെടുന്ന എഴുത്തുപരീക്ഷ വിവിധ സെന്ററുകളിൽ 2023 നവംബർ 5 ന് 2 പി.എം ന് ആയിരിക്കും. അഖിലകേരളതലത്തിലെ സമ്മാനങ്ങൾ മത്സര പരീക്ഷയ്ക്കു ശേഷം വിതരണം ചെയ്യും.
8. ഈ വർഷം ഓരോ ഗ്രൂപ്പിലെയും 10 പേർക്കുള്ള ഗ്രൂപ്പ്ഫൈനൽ നവംബർ 18-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കും.
9. രൂപതകളിൽ ലോഗോസ് ഫമിലിയ ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരിൽ രണ്ടു തലമുറകളിലുള്ളവർ ടീമിൽ ഉണ്ടായിരിക്കണം. ഒരു ഫാമിലി ടീമിൽ മൂന്നുപേർ വേണം. ഈ മൂന്നു പേരുടെ എഴുത്തു പരീക്ഷയുടെ ആവറേജ് മാർക്കാണ് ടീമിന്റെ മാർക്കായി കണക്കാക്കുക. സംസ്ഥാനതലത്തിലും ഇത്തരത്തിലയിരിക്കും മത്സരം നടത്തപ്പെടുക.
10. **മത്സരത്തിനുള്ള പാഠഭാഗങ്ങൾ : ജോഷ്വ 13-24; പ്രഭാഷകൻ 27-33; ലൂക്കാ 1-8, 2.കോറിന്തോസ് 1-6.**
11. പ്രായവിഭാഗം : A. 1-1-2012-നും ശേഷവും ജനിച്ചവർ. B. 1-1-2007-നും 31-12-2011നും ഇടയ്ക്ക് ജനിച്ചവർ. C. 1-1-1992-നും 31-12-2006 നും ഇടയ്ക്ക് ജനിച്ചവർ. D. 1-1-1972-നും 31-12-1991 നും ഇടയ്ക്ക് ജനിച്ചവർ. E. 1-1-1959-നും 31-12-1971 നും ഇടയ്ക്ക് ജനിച്ചവർ. F. 31-12-1958 നും അതിനു മുൻപും ജനിച്ചവർ.

# കെ.എൽ.സി.ഡബ്ല്യു.എ. സ്ഥാപനദിനം

യേശുവിൽ പ്രിയരേ,

കേരളത്തിലെ 12 ലത്തീൻ രൂപതകളുടെ ഉന്നത നയരൂപീകരണ ഏകോപനസമിതിയായ കെആർഎൽസിസി (കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ) രൂപം കൊണ്ടതിനുശേഷം നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് വനിതാ സംഘടനയുടെ രൂപീകരണം. ഇന്ത്യയുടെ ഇന്നത്തെ സാമൂഹ്യ സാഹചര്യങ്ങളിൽ വനിതകളെ പ്രത്യേകം പരിശീലിപ്പിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും അനിവാര്യമാണെന്ന തിരിച്ചറിവിലാണ് ലത്തീൻ കത്തോലിക്കാ മെത്രാൻസമിതി വനിതാ പ്രസ്ഥാനത്തിന് രൂപം നൽകിയത്. 10 വർഷങ്ങൾ മുമ്പ് രൂപംകൊടുത്ത കേരള ലാറ്റിൻ കാത്തലിക് വിമൻ അസോസിയേഷൻ (കെഎൽ സി ഡബ്ല്യു എ) ഇന്ന് 12 രൂപതകളിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ ഇടവകകളിൽ ഈ സംഘടനയുടെ യൂണിറ്റുകൾ ആരംഭിക്കുകയും മേഖല രൂപതാ തലങ്ങളിൽ അവരുടെ സംഘടനയെ പരിപോഷിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും കഴിയുന്നത്ര സഹായങ്ങൾ നൽകുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടും സന്യാസ വൈദികരോടും സിസ്റ്റേഴ്സിനോടും വിനയപുരസരം അഭ്യർത്ഥിക്കുന്നു.

'സ്ത്രീകളുടെ മഹനീയത' എന്ന അപ്പോസ്തോലിക ലേഖനത്തിൽ പ്രേഷിതദൗത്യത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: സ്ത്രീകളുടെ ദൗത്യം അതിന്റെ പൂർണ്ണതയിൽ അംഗീകരിക്കപ്പെടുന്നതും ലോകത്തിൽ ഇതുവരെ സ്ത്രീകൾക്ക് നേടിയെടുക്കാൻ കഴിയാതിരുന്ന ശക്തിയും സ്വാധീനവും അവർ കൈവരിക്കുന്നതുമായ സമയം ആസന്നമായിരിക്കുന്നു. സത്യത്തിൽ അത് വന്നു കഴിഞ്ഞു. അതുകൊണ്ട് ഇത്തരുണത്തിൽ മനുഷ്യരാശി ആഴമാർന്ന പരിവർത്തനത്തിലൂടെ കടന്നു പോകുമ്പോൾ സുവിശേഷ അരൂപിയിൽ നിറഞ്ഞ സ്ത്രീകൾക്ക് മാനവരാശിയുടെ വീഴ്ച തടയാനാകും. പരിശുദ്ധ പിതാവിന്റെ ഈ പ്രബോധനം നാം പൂർണ്ണമായും ഉൾക്കൊള്ളണം. സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും വളർച്ചയിലും പുരോഗതിയിലും ലത്തീൻ വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയാണ്. 'ക്രിസ്തുവിൽ സ്ത്രീകൾ പുനഃസൃഷ്ടിക്ക്' എന്ന ആപ്തവാക്യമാണ് കേരള ലത്തീൻ സഭയുടെ ഔദ്യോഗിക വനിതാ സംഘടനയായ കെ.എൽ.സി.ഡബ്ല്യു.എ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ സ്ഥാപകദിനമായി ആചരിക്കുന്നത് ജൂൺ 6 ആണ്. കേരള സമൂഹത്തിന് പ്രത്യേകിച്ച് ലത്തീൻ കത്തോലിക്കർക്ക് മറക്കാനാവാത്തതും അഭിമാനഭാജനവുമായ വനിതാ രത്നമാണ് ആനിമസ്ക്രീൻ. സ്വാതന്ത്ര്യ സമരസേനാനിയും ഇന്ത്യൻ ഭരണഘടന നിർമ്മാണ സമിതിയിലെ അംഗവും ഭരണഘടനയിൽ ഒപ്പുവെക്കുകയും ചെയ്തിട്ടുള്ള

ഇന്ത്യയിലെ 15 വനിതകളിൽ ഒരാളാണ് ആനിമസ്ക്രീൻ. തിരുവിതാംകൂർ ലജിസ്ലേറ്റീവ് അസംബ്ലി അംഗമായിരുന്ന ആനിമസ്ക്രീൻ, തിരുവതാംകൂറും കൊച്ചിയും സംയോജിപ്പിച്ച് രൂപംകൊടുത്ത തിരുകൊച്ചി സംസ്ഥാനത്തെ മന്ത്രിയും ആയിരുന്നു.1951ൽ ഇന്ത്യയുടെ ഒന്നാം ലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആനിമസ്ക്രീൻ ദക്ഷിണേന്ത്യയിലെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട വനിത ലോകസഭാംഗമാണ്. നമുക്ക് അഭിമാനപുരസരം ഓർമ്മിക്കാൻ കഴിയുന്ന ആ മഹത് വനിതയുടെ ജന്മദിനമാണ് കെ.എൽ.സി.ഡബ്ല്യു.എ സ്ഥാപനദിനമായി ആചരിക്കുന്നത്.

അന്നേദിനം തിരുവനന്തപുരത്ത് ആനിമസ്ക്രീന്റെ പ്രതിമയിൽ പുഷ്പാർച്ചനയും അനുസ്മരണ സമ്മേളനവും സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം കെ.എൽ.സി.ഡബ്ല്യു.എ യുടെ പുതിയ സംസ്ഥാന നേതൃത്വം ഒരു മാസം നീണ്ടുനിൽക്കുന്ന മെമ്പർഷിപ്പ് ക്യാമ്പയിനും തുടക്കം കുറിക്കുകയാണ്. ഈ പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കുകയും വിജയിപ്പിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം കേരളത്തിലെ ലത്തീൻ കത്തോലിക്കാ മെത്രന്മാർക്കുവേണ്ടി ഞാൻ ആഹ്വാനം ചെയ്യുകയാണ്. സമൂഹത്തിലെ ഇതര വിഭാഗങ്ങളോടൊപ്പം ലത്തീൻ സമൂഹത്തിലെ പുരുഷ, വനിത യുവജനങ്ങൾ മുഖ്യധാരയിൽ സജീവമായി പ്രവർത്തിക്കണം. അതിനായി എല്ലാ ആശംസകളും നേരുന്നു.

എല്ലാവർക്കും ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനവും സ്നേഹവും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**വർഗീസ് ചക്കാലക്കൽ**

*കോഴിക്കോട് മെത്രാൻ, പ്രസിഡന്റ്, കെ.ആർ.എൽ.സി.സി.*



*പൂവം വൈദികവസതിയുടെ ആശീർവ്വാദ കർമ്മം*
*അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് നിർവ്വഹിക്കുന്നു.*

# കേരള സഭാനവീകരണം 2022-2025

## ദിവ്യകാരുണ്യ കോൺഗ്രസിനെ സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യത്തോടെ കേരളസഭയിൽ ആരംഭിച്ചിരിക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ പൂർത്തിയായി. കേരളസഭാ നവീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ മാർഗരേഖയുടെ വെളിച്ചത്തിൽ സംഘടിപ്പിച്ച പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ 2025 വരെ സംസ്ഥാന-രൂപത- ഇടവക-കുടുംബതലങ്ങളിൽ നടപ്പിൽ വരുത്തേണ്ട പ്രവർത്തന പദ്ധതി (Action Plan) ക്ക് രൂപം കൊടുത്തു. അതിന്റെ കോപ്പികൾ രൂപതകളിൽ ഇതിനോടകം കിട്ടിക്കാണും എന്നു പ്രതീക്ഷിക്കുന്നു.

'കുടുംബ വിശുദ്ധീകരണത്തിലൂടെ സഭാ നവീകരണം' എന്നതാണ് പ്രവർത്തന പദ്ധതികളുടെ മുഴുവൻ ലക്ഷ്യമായി കാണേണ്ടത്. ക്രിസ്തുവിൽ നവീകരിക്കപ്പെട്ട കുടുംബങ്ങളിലൂടെ മാത്രമേ നവീകൃതമായ ഒരു സഭയെ കെട്ടിപ്പടുക്കാൻ നമുക്ക് കഴിയുകയുള്ളൂ ഇതിന്റെ ഭാഗമായി ഓരോ രൂപതയിലും നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ ശുശ്രൂഷകളും സംവിധാന പ്രവർത്തനങ്ങളും സഭാനവീകരണത്തിന്റെ ചൈതന്യത്തിൽ പുനരാവിഷ്കരിക്കേണ്ടതുണ്ട്. അതോടൊപ്പം പ്രവർത്തന പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ ഓരോ രൂപതയുടെയും പ്രത്യേക പശ്ചാത്തലമനുസരിച്ച് നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്.

**ദിവ്യകാരുണ്യ കോൺഗ്രസ്**

'സഭ കുർബാനയിൽ നിന്ന് ജീവൻ സ്വീകരിക്കുന്നു' എന്ന യാഥാർത്ഥ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളസഭാ നവീകരണത്തിന്റെ ഭാഗമായി 2023 ഡിസംബർ 1, 2, 3 തീയതികളിൽ ഒരു ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയായിരിക്കും സമ്മേളനവേദി. 'നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും' (ലൂക്കാ 24:29) എന്ന ആപ്തവാക്യമാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്.

ദിവ്യകാരുണ്യ കോൺഗ്രസിനു മുന്നോടിയായി എല്ലാ രൂപതകളിലും ഇടവകകളിലും ഇതിനായുള്ള ഒരുക്കങ്ങൾ നടത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി രൂപതാതലത്തിൽ ദിവ്യകാരുണ്യ സമ്മേളനങ്ങളും റാലിയും, ഇടവകതലത്തിൽ ദിവ്യകാരുണ്യ കൂട്ടായ്മകളും, 40 മണിക്കൂർ ആരാധനയും, ഏകദിന ആരാധനയും മറ്റും സംഘടിപ്പിക്കേണ്ടതാണ്.

വല്ലാർപാടത്തുവച്ച് സംഘടിപ്പിക്കുന്ന കോൺഗ്രസിൽ ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന രീതിയിലാണ് പ്രതിനിധി (Delegates) കളെ

തെരഞ്ഞെടുക്കേണ്ടത്. അപ്രകാരം കേരളത്തിലെ അയ്യായിരത്തോളമുള്ള ഇടവകകളിൽ നിന്നായി 5000 പ്രതിനിധികൾ ഇതിൽ പങ്കെടുക്കും. രൂപതാ പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ മുതിർന്നവരോടൊപ്പം യുവജനങ്ങളുടെയും സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ട താണ്. ഇതുകൂടാതെ ശനി, ഞായർ ദിവസങ്ങളിൽ 2000 യുവജനങ്ങൾ ദിവ്യകാരുണ്യ ജാഗരണത്തിനായി സമ്മേളനവേദിയിൽ ഒത്തുചേരും. മാത്രമല്ല, കേരള സഭയിലെ എല്ലാ മെത്രാന്മാരും വൈദിക-സന്ന്യസ്ത പ്രതിനിധികളും, പ്രത്യേക പരിശീലനം നേടിയ 250 റിസോഴ്സ് ടീം അംഗങ്ങളും 500 വോളണ്ടിയർമാരും ദിവ്യകാരുണ്യ കോൺ ഗ്രസിൽ പങ്കെടുക്കും.

2023 ഡിസംബർ 1 ന് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് മൂന്നുമണിക്ക് അവസാനിക്കുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടു ക്കുന്ന പ്രതിനിധികൾക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കോട്ടപ്പുറം, കൊച്ചി, ആലപ്പുഴ എന്നീ ആറ് രൂപതകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 100 ഇടവകകളിലെ വിവിധ ഭവനങ്ങളിലായിരിക്കും.

**റിസോഴ്സ് ടീം പരിശീലനം**

ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് വിഷ യത്തെ സംബന്ധിച്ച കൃത്യമായ അറിവും പരിശീലനവും നൽകുന്നതിനായി 250 പേരടങ്ങുന്ന ഒരു റിസോഴ്സ് ടീമിന് രൂപം കൊടുക്കുന്നുണ്ട്. ഒരു രൂപതയിൽ നിന്ന് നാലു പേർ വീതം എന്ന ക്രമത്തിലാണ് റിസോഴ്സ് ടീമിനെ തെരഞ്ഞെടുക്കുന്നത്. ഇതിൽ രണ്ടു വൈദികരും രണ്ടു അല്മായരും (പുരുഷനും സ്ത്രീയും) വൈദിക-സ ന്ന്യസ്ത സമർപ്പിത സമൂഹങ്ങളിൽ നിന്ന് ഒരു പ്രതിനിധി വീതവും റിസോഴ്സ് ടീമിൽ അംഗങ്ങളായിരിക്കും.

തൃക്കാക്കര CST ജനറലേറ്റിൽ വച്ച് 2023 മെയ് 24 മുതൽ 26 വരെ യായിരിക്കും റിസോഴ്സ് ടീമിന് പരിശീലനം നല്കുക.

കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്കു പ്രാർഥനാപൂർവം പങ്കു ചേരാം. സഭയെ കാലത്തിനനുസൃതമായി നിരന്തരം നയിക്കുന്ന പരിശു ദ്ധാത്മാവ് അതിനായി നമ്മെ പ്രാപ്തരാക്കട്ടെ. നവീകരണ പ്രവർത്തന ങ്ങൾക്ക് സംസ്ഥാന-രൂപതാതലങ്ങളിൽ നേതൃത്വം നല്കുന്നവർക്കും സഹകരിച്ചു പ്രവർത്തിക്കുന്ന ഏവർക്കും നന്ദിയർപ്പിക്കുന്നു.സർവശക്ത നായ ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

## വിജയപുരം രൂപത
# ചെറുപുഷ്പ മിഷൻലീഗ്

ചെറുപുഷ്പമിഷൻ ലീഗ് വിജയപുരം രൂപത മിഷൻ വോയിസ് 2023 അവസാനഘട്ട മത്സരം നടത്തപ്പെട്ടു. ചെറുപുഷ്പ മിഷൻ ലീഗ് വിജയപുരം രൂപത പ്ലാറ്റിനം ജൂബിലി സമാപനത്തോട് അനുബന്ധിച്ച് മിഷൻലീഗ് പ്രവർത്തകർക്കായി 'മി ഷൻ വോയിസ് 2023' പ്രസംഗം, സംഗീത മത്സരങ്ങൾ നടത്തപ്പെട്ടു. 2023 ഏപ്രിൽ 1 ശനിയാഴ്ച രാവിലെ 10:00 കോട്ടയം വിമലഗിരി പാസ്റ്ററൽ സെൻററിൽ വച്ച് നടന്ന സമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. മാത്യു ഒഴത്തിൽ ഏവരെയും സ്വാഗതം ചെയ്യുകയും. റവ: ഫാ : ഡോ: സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിൽ ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ഈ കാലഘട്ടത്തിൽ പ്രാർത്ഥനയിലും കൂദാശ സ്വീകരണത്തിലും നാം കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കുഞ്ഞുങ്ങളെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതാവട്ടെ എന്നും ആശംസിക്കുകയും ചെയ്തു. രൂപതാ പ്രസിഡൻറ് ശ്രീ സച്ചു റെജി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. മുൻ സംസ്ഥാന കമ്മിറ്റി അംഗം ശ്രീ കെ.കെ റെജി രൂപതാ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുകയും മത്സരാർത്ഥികൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. രൂപത ജനറൽ സെക്രട്ടറി സിറാ ഡെന്നീസ്, രൂപത ജനറൽ ഓർഗനൈസർ ശ്രീ അഭിജിത് ജോൺസൺ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. ജനുവരി മാസത്തിൽ ആരംഭിച്ച ഇടവകതല മത്സരത്തിലും, ഫെബ്രുവരി മാസത്തിൽ നടത്തപ്പെട്ട മേഖലാ തല മത്സരത്തിലും വിജയികൾ ആയവരാണ് അവസാനഘട്ട മത്സരത്തിൽ പങ്കെടുത്തത്. കോട്ടയം, തിരുവല്ല, മുണ്ടക്കയം, പീരുമേട്, പട്ടിത്താനം, മൂന്നാർ, മറയൂർ, മൂവാറ്റുപുഴ എന്നീ മേഖലകളിൽ നിന്നുള്ള സന്യസ്ഥരും, മത്സരാർത്ഥികളും, ഓർഗനൈസർമാരും, മതാധ്യാപകരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. വിവിധ മേഖലകളിൽ പ്രഗൽഭരായ വ്യക്തികളാണ് മൂല്യം നിർണയം നടത്തിയത്. അവസാനഘട്ട മത്സരത്തിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനം ലഭിച്ചവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുകയും മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു. പ്ലാറ്റിനം ജൂബിലി സമാപനം ഇപ്രകാരം ആഘോഷപൂർവ്വം പൂർത്തീകരിച്ചു.




സി.ബി.സി.ഐ. യുടെ നേതൃത്വത്തിൽ ബാംഗ്ലൂർ NBCLC യിൽ നടത്തിയ അൽമായ സെമിനാറിൽ രൂപതാ പാസ്റ്ററൽ കൗൺസിൽ ജോ.സെക്രട്ടറി സാജുജോസഫ്, കെ.എൽ.എം. രൂപതാ സെക്രട്ടറി കെ.ജെ. ജോസഫ്, അഫിൻ ആൽബർട്ട്, ലിൻസ് തോമസ് എന്നിവർ പങ്കെടുത്തു.

# ഇടവക വാർത്തകൾ



തെള്ളകം : “സജീവം” ലഹരി വിരുദ്ധ പ്രചാരണ പരിപാടി, തെള്ളകം സെന്റ് മേരീസ് ഇടവകയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രവർത്തനോദ്ഘാടനം വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ മേച്ചേരിൽ നിർവഹിച്ചു. ലഹരി വിരുദ്ധ സന്നദ്ധ സേന പ്രസിഡന്റ് ജീവൻ മാത്യൂസ് യോഗത്തിന് സ്വാഗതം ആശംസിച്ചു. വികാരി റവ.ഫാ.അജി അദ്ധ്യക്ഷപ്രസംഗം നടത്തി, തിരി തെളിച്ചു യോഗം ഉദ്ഘാടനം ചെയ്തു.




പുല്ലരിക്കുന്ന് ഇടവകയുടെ നവീകരിച്ച സിമിത്തേരി രൂപതാ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ആശീർവ്വദിച്ചു.

# അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ സ്പെയിൻ സന്ദർശനം



ബിൽബാവോ ബിഷപ്പ് മോൺ.ജോസെബ സെഗുറയെ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ സന്ദർശിച്ചു. വിജയപുരം രൂപതയിൽ നിന്നുള്ള വൈദികരായ ഫാ. അനോഷും ഫാ. അജിത്തും ബിഷപ്പ് സെബാസ്റ്റ്യനോടൊപ്പമുണ്ടായിരുന്നു. ഇരുവരും ബിൽബാവോയിക്കടുത്തുള്ള വിക് തോറ്റയായിൽ ഉപരിപഠനം നടത്തുകയും അജപാലന ശുശ്രൂഷയിൽ സഹായിക്കുകയും ചെയ്യുന്നു. വിജയപുരം രൂപതയും ബിൽബാവോയുമായുള്ള ബന്ധം ഏകദേശം ഒരു നൂറ്റാണ്ട് പഴക്കമുള്ളതാണ്. നമ്മുടെ ദ്വിതീയ മെത്രാനായിരുന്ന അഭിവന്ദ്യ അംബ്രോസ് അബസോളോ പിതാവ് അമോറബിയത്തയിൽ നിന്നുള്ള കർമ്മലീത്താ വൈദികനായിരുന്നു. 1928 ൽ തിരുപ്പട്ടം സ്വീകരിച്ച ശേഷം ലറെയയിലെ ആശ്രമത്തിൽ കുറച്ചുകാലം ചെലവഴിച്ച ശേഷം ഒരു മിഷനറിയായി കേരളത്തിലെത്തി.

“അദ്ദേഹം തന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗം അവിടെ ചെലവഴിച്ചു. വളരെ കർക്കശക്കാരനായ ഒരു മനുഷ്യൻ, അവിടെ ഒരു പ്രധാന ദൗത്യം നിർവഹിച്ചു.” അദ്ദേഹത്തിന്റെ അനന്തരവൻ ഹേസൂസ് മാരി സുബിയാഊർ ചൂണ്ടിക്കാട്ടുന്നു. അമോറബിയത്തയിൽ താമസിക്കുന്ന ഇദ്ദേഹം വർഷങ്ങളായി വിജയപുരം രൂപതയുമായി അടുത്ത ബന്ധം പുലർത്തുന്നു. 1950ൽ വിജയപുരം ബിഷപ്പായി നിയമിതനായ അംബ്രോസ് അബസോളാ പിതാവിന്റെ മെത്രാഭിഷേകം 1950 ജൂൺ 10ന് കർമ്മലമാതാവിന്റെ നാമത്തിലുള്ള ബെഗോഞ്ഞ (ഇപ്പോഴത്തെ ബിൽബാവോ രൂപതയുടെ കത്തീഡ്രൽ) ബസിലിക്കയിൽ നടന്നു. ബിൽബാവോ രൂപത രൂപപ്പെട്ടതിനുശേഷം നടന്ന ആദ്യത്തെ മെത്രാഭിഷേകമായിരുന്നു അത്. ബിൽബാവോ രൂപതയുടെ ആദ്യ ബിഷപ്പ് കാസിമിറോ മോർസിലോ രൂപതാഭരണം ഏറ്റെടുത്തതും ഇതേ ദിവസമാണ്. ബിഷപ്പ് അംബ്രോസിന്റെ അനന്തരവൻ തന്റെ അമ്മാവന്റെ രൂപത്തെ സ്നേഹപൂർവ്വം ഓർക്കുന്നു. കൂടാതെ ബിഷപ്പ് അംബ്രോസ് നിർമ്മിച്ച വിമലഗിരി കത്തീഡ്രലിന്റെ അമ്പതാം വാർഷികാഘോഷത്തിൽ 2014-ൽ ഇദ്ദേഹം സഹോദരിയോടൊപ്പം ഇവിടെ എത്തി ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി.

# ദൈവവിളി ക്യാമ്പ്

## “വിജയപുരം രൂപതയ്ക്കു എന്നെ ആവശ്യമുണ്ട്.”



വിജയപുരം രൂപതയുടെ ഈ വർഷത്തെ ദൈവവിളി ക്യാമ്പ് മെയ് മാസം 2,3,4 തീയതികളിലായി വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപതാ വികാരി ജനറൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ‘വിജയപുരം രൂപതയ്ക്കു എന്നെ ആവശ്യമുണ്ട്’ എന്നതായിരുന്നു ഉദ്ഘാടന പ്രഭാഷണത്തിലെ മുഖ്യ സന്ദേശം. പെൻസിൽ എന്ന ആശയത്തെ ആധാരമാക്കി ശ്രീ. റോബിൻ പാലാ ക്ലാസ് നയിച്ചു. സെമിനാരി റെക്ടർമാരായ ഫാ. ജോസഫ് മീനായിക്കോടത്ത്, ഫാ. ജോസഫ് പടികരമല, ഫാ. ഷിന്റോ, ഫാ. അഗസ്റ്റിൻ ആശിർ, എന്നിവരും രൂപതയിലെ ഡീക്കന്മാരും രണ്ടാം വർഷ വൈദിക വിദ്യാർഥികളും ക്യാമ്പിനു നേതൃത്വം നൽകി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 79 കുട്ടികൾ പങ്കെടുത്തു.



*കുമരകം-ഇടയസന്ദർശനവും സ്ഥൈര്യലേപനവും*



വിജയപുരം രൂപതയുടെ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്ററായി തിരുവല്ല സെന്റ് ജോസഫ്സ് ഇടവകാംഗം ഫാ. ഹിലരി ജോസഫ് തെക്കേക്കുറ്റ് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെയും വികാരി ജനറൽ മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിലിന്റെയും ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്ററായിരുന്ന ഫാ. അജിയുടെയും സാന്നിധ്യത്തിൽ ബിഷപ്പ്സ് ഹൗസിൽ ആച്ച് 2023 ഏപ്രിൽ 29ന് ചാർജ് എടുത്തു.



റവ.ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ രൂപതാ കോടതിയിൽ Defender of bond and Promoter of Justice ആയി 2023 മെയ് 4ന് രൂപത ജുഡീഷ്യൽ വികാർ വെരി. റവ.ഫാ. സെൽവി ആന്റണിയുടെയും നോട്ടറി റവ.ഫാ. ജോസഫ് പൂവത്തുങ്കലിന്റെയും സാന്നിധ്യത്തിൽ ചുമതലയേറ്റു.





## അഭിവന്ദ്യ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ

കോട്ടപ്പുറം രൂപതയുടെ അജപാലന ദൗത്യത്തിൽ നിന്ന് അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി പിതാവ് വിരമിച്ചു. പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി അഭിവന്ദ്യ അലക്സ് വടക്കുംതല പിതാവിനെ ഫ്രാൻസിസ് പാപ്പ നിയോഗിച്ചു.




ചെങ്ങളം FSSH സിസ്റ്റേഴ്സിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ
സി. ജോളി കുര്യനും കൗൺസിൽ അംഗങ്ങളും



ഫാത്തിമ മാതാ പ്രൊവിൻഷ്യൽ ഹൗസിൽ പ്രഥമവ്രതവാഗ്ദാനം നടത്തിയവർ



ചാത്തൻതറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ, KCYM സംഘടനയുടെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ മതബോധന വിദ്യാർത്ഥികൾക്കും (21-05-2023) പഠനോപകരണങ്ങൾ ബഹുമാനപ്പെട്ട ഇടവകവികാരി വിതരണം ചെയ്തു.



ഹോളിക്രോസ് സന്യാസനികളുടെ
വ്രതവാഗ്ദാന സുവർണ്ണജൂബിലിയും നിത്യവ്രതവാഗ്ദാനകർമ്മവും



കാരിസ് മെയ്ഡ് സിസ്റ്റേഴ്സ് തെരേസയുടെയും
ജോസ്മിന്റെയും നിത്യവ്രത വാഗ്ദാനം



നവീകരിച്ച കുമരകം വൈദിക വസതിയുടെ ആശീർവാദം.



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കല്ലാർ മേരിഗിരി കോൺഫ്രൻസിലെയും കുമളി ഏരിയ കോൺഫെറെൻസിലെ തന്നെയും ഏറ്റവും മുതിർന്ന അംഗവും ദീർഘകാലം വണ്ടിപ്പെരിയാർ ഏരിയ കോൺഫറൻസ് ഖജാൻജിയുമായിരുന്ന ബ്ര. വർഗീസ് മുള്ളൂരിനെ ആത്മീയ ഉപദേഷ്ട്ടാവ് റവ. ഫാദർ. അഗസ്റ്റിൻ കുരുവിള പൊന്നാട അണിയിച്ച് ആദരിക്കുന്നു.

**നവീകരിച്ച തോപ്രാംകുടി ദൈവാലയം**





# വി.എസ്.എസ്.എസ്. വാർത്തകൾ

പഠനത്തിൽ മികവു പുലർത്തുന്ന കുട്ടികൾക്കായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് (എ.സി.എ സ്.ഐ.). ഫ്രാൻസ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ഗുണഭോക്താക്കൾക്കും മാതാപിതാക്കൾക്കുമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടി അമലനിലയത്തിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. എക്സൈസ് പ്രിവന്റീവ് ഓഫീസർ നിഫി ജേക്കബ് ക്ലാസ് നയിച്ചു. ഉച്ചയ്ക്കുശേഷം ഫ്രാൻസിലുള്ള ഉപകാരികളുമായി കുട്ടികൾക്ക് സംവദിക്കാൻ വെബിനാർ സംഘടിപ്പിച്ചു. കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. MSW വിദ്യാർത്ഥികൾ ലഹരി വിരുദ്ധ സന്ദേശം നൽകുന്ന തെരുവു നാടകവും അവതരിപ്പിച്ചു.

## ആശാകിരണം സന്നദ്ധ പ്രവർത്തകയോഗം

ആശാകിരണം രോഗീ സഹായപദ്ധതിയിലെ സന്നദ്ധ പ്രവർത്തകരുടെ പ്രവർത്തന വിലയിരുത്തൽ യോഗം വിവിധ മേഖലകളിൽ നടന്നു. പൊടിമറ്റം, ആണ്ടൂർ, മാരാമൺ, വേളൂർ എന്നിവിടങ്ങളിൽ വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, മോൺ.ഡോ. ജോസ് നവസ്, മേഖലാ പ്രസിഡന്റുമാരായ ഫാ. ജോഷി പുതുപ്പറമ്പിൽ, ഫാ. ജോസഫ് തറയിൽ എന്നിവർ സന്നിഹിതരായിരുന്നു. പ്രവർത്തന റിപ്പോർട്ട് സെക്രട്ടറിമാർ അവതരിപ്പിക്കുകയും വിലയിരുത്തൽ പ്രക്രിയയ്ക്ക് കോ.ഓർഡിനേറ്റർ പ്രമീല ജോർജ് നേതൃത്വം നൽകുകയും ചെയ്തു. 4 മേഖലകളിൽ 33 ഇടവകകളിൽ നിന്നായി 113 പ്രവർത്തകർ പങ്കെടുത്തു.

## ആശാകിരണം രോഗീ സഹായനിധിയിലേക്ക് വിവിധ ഇടവകകളിൽ സമാഹരിച്ചു നൽകിയ തുക

| | |
|---|---|
| കാഞ്ഞിരപ്പാറ | - 6000/- |
| പൊടിമറ്റം | - 1500/- |
| കുമരകം | - 2000/- |
| ആണ്ടൂർ | - 3000/- |
| റാന്നി | - 5000/- |
| മുണ്ടക്കയം | - 3000/- |
| തെള്ളകം | - 10000/- |
| കുട്ടിക്കാനം | - 4570/- |
| വെച്ചൂച്ചിറ | - 3000/- |
| പെരുമ്പെട്ടി | - 3000/- |
| പൊതി | - 6520/- |

**വി.എസ്.എസ്.എസ്. മുഖേന ചികിത്സാ സഹായം നൽകിയത്**

| | |
|---|---|
| പൊതി | - 15000/- |
| തിരുവഞ്ചൂർ | - 10000/ |
| ചെങ്ങളം | - 13000/- |
| മുണ്ടക്കയം | - 4000/- |

## എ.സി.എസ്.ഐ. പദ്ധതിയുടെ ആഭിമുഖ്യത്തിൽ നടന്ന സജീവം ലഹരി വിരുദ്ധ പ്രചരണ പരിപാടി



KCBC യുടെ നിർദ്ദേശാനുസരണം കാരിത്താസ് ഇൻഡ്യയുടെ നേതൃത്വത്തിൽ കേരളത്തിലെ കത്തോലിക്കാ രൂപതകളെല്ലാം ഒന്നു ചേർന്നു നടപ്പിലാക്കുന്ന ലഹരി വിരുദ്ധ സന്ദേശ പ്രചരണ പരിപാടിയാണ് സജീവം. വിജയപുരം രൂപതയിൽ 2023 മാർച്ച് 8ന് മാരാമണിൽ വച്ച് വി.എസ്.എസ് എസിന്റെ നേതൃത്വത്തിൽ നടത്തിയ വനിതാ ദിനാഘോഷവേളയിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

ആധുനിക വാർത്താ മാധ്യമങ്ങളിലൂടെ ലഹരിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ദിവസം തോറും പുറത്തുവരുന്ന വാർത്തകൾ പേടിപ്പെടുത്തുന്നതും ആശങ്ക ഉളവാക്കുന്നതുമാണ്. മയക്കുമരുന്നുകളുടെ വിപണനവും ഉപയോഗവും സംബന്ധിച്ചു വരുന്ന വാർത്തകൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണെന്ന അപകടകരമായ വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. കാലം മാറുന്നതനുസരിച്ച് ലഹരിവസ്തുക്കളുടെ ഭാവവും മാറുകയാണ്. ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവിനൊപ്പം ലൈംഗികചൂഷണം, അക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ, റോഡപകടങ്ങൾ, മറ്റ് കുറ്റകൃത്യങ്ങൾ തുടങ്ങിയവയുടെ എണ്ണവും അനുദിനം പെരുകിവരുന്നു. ലഹരിയുടെ ഉപയോഗത്തിന്റെ പരിണിതഫലമായി സംഭവിക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾക്ക് പ്രായമോ, ലിംഗവ്യത്യാസമോ ഒരു ഘടകമല്ല. 7 വയസ്സുള്ള കുട്ടികുറ്റവാളികൾപോലും നമ്മെ ഞെട്ടിപ്പിച്ചിരിക്കുന്നു.

നമ്മുടെ പ്രതീക്ഷയും ആശയും ആകേണ്ട കുട്ടികൾ കൗമാര,യൗവ്വന കാലഘട്ടത്തിൽ തന്നെ പൊലിഞ്ഞുപോകുന്നത് തീരാനഷ്ടമാണ്.

നമ്മുടെ വിലയേറിയ ബാല്യകൗമാരയുവത്വങ്ങൾ, മയക്കുമരുന്നു വിതരണം ചെയ്യുന്നവർ യഥാർത്ഥത്തിൽ മനുഷ്യജീവനെ മാനിക്കാത്ത പൈശാചിക സംസ്കാരമുള്ള മരണ വ്യാപാരികളാണെന്ന് നമ്മുടെ രക്ഷിതാക്കളും കുഞ്ഞുങ്ങളും തിരിച്ചറിയണം. അവരെ സ്വന്തം ജീവിതത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒഴിവാക്കി നിർത്തുവാൻ നാം കരുത്താർജിക്കേണ്ടതാണ്. ഇവർ ഒരുക്കുന്ന അപകട കെണിയെ മുൻകൂട്ടി കാണുവാനും സ്വയം രക്ഷിക്കുവാനും മറ്റുള്ളവരെ രക്ഷിക്കുവാനും നാം പ്രയത്നിക്കണം.

ഈ ഒരു ദൗത്യമേറ്റെടുക്കുവാനുള്ള കരുത്ത് പകർന്നു നല്കുന്നതിനും അതുവഴി ലഹരിയുടെ ഇരുൾക്കയത്തിലേക്ക് ഇനിയുമാരും പതിച്ചുകൂടെന്ന നിശ്ചയദാർഢ്യത്തോടെ ലഹരിയെന്ന മഹാവിപത്തിനെതിരെ പോരാടുവാനുമുള്ള അവസരമാണ് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന 'സജീവം' ലഹരി വിരുദ്ധ പ്രചരണ പരിപാടി.

ഏപ്രിൽ മാസത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി അമയന്നൂർ, വടവാതൂർ, തെള്ളകം എന്നീ ഇടവകകളിലും മെയ് മാസത്തിൽ പെരുമ്പെട്ടിയിലും ബോധവൽക്കരണ പരിപാടികൾ നടന്നു. വടവാതൂർ ഇടവകയിലെ പി.ഡി.സി.യുടെ നേതൃത്വത്തിൽ കളത്തിപ്പടി കവലയിൽ കുട്ടികളുടെ ഫ്ളാഷ്മോബ്, തെരുവുനാടകം എന്നീ സങ്കേതങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്കുവേണ്ടി ബോധവത്ക്കരണ പരിപാടി നടത്തി. വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.റ്റി. സോമൻകുട്ടി, സമ്മേളനം ഉദ്ഘാടനം ചെയ്തു. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, ഇടവക വികാരി ഫാ. സേവ്യർ തൈപ്പാടത്ത്, ഇടവക സമിതി സെക്രട്ടറി ശ്രീ. ജോമോൻ വർഗ്ഗീസ്, ആനിമേറ്റർ ശ്രീമതി സൂസൻ വിജയൻ എന്നിവർ പ്രസംഗിച്ചു. എക്സൈസ് ഡിപ്പാർട്ട്മെന്റ്, സ്പെഷ്യൽ ട്രെയ്നർ ആയ വിജയപുരം രൂപതാംഗം ശ്രീ. നിഫി ജേക്കബ് ക്ലാസ് നയിച്ചു. തെള്ളകം ഇടവകയിൽ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി നടത്തിയ പ്രചരണ പരിപാടി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. വികാരി. ഫാ. അജി ചെറുകാക്രാംചേരിയിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഏറ്റുമാനൂർ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ. ഷാജിമോൻ കെ.ടി. മുഖ്യപ്രഭാഷണവും എക്സൈസ് ഓഫീസർ ശ്രീ. അനിൽകുമാർ നായർ ക്ലാസ് നയിക്കുകയും ചെയ്തു. ഇടവക സെക്രട്ടറി ശ്രീ. ബേബി ജോൺ ലഹരി വിരുദ്ധ സേന പ്രസിഡന്റ് ശ്രീ. ജീവൻ മാത്യു, സേനാംഗം ശ്രീമതി ത്രേസ്യാമ്മ മത്തായി, ശ്രീമതി വത്സമ്മ ചാക്കോ എന്നിവർ പ്രസംഗിച്ചു. കുട്ടികൾ ഫ്ളാഷ് മോബും സ്കിറ്റും അവതരിപ്പിച്ചു.

അമയന്നൂർ ഇടവകയിൽ ഇടവക വികാരി ഫാ. റൊണാൾഡ് ലഹരി വിരുദ്ധ പരിപാടി സജീവം ഉദ്ഘാടനം ചെയ്തു. എക്സൈസ് ഓഫീസർ ശ്രീ നിഫി ജേക്കബ് ക്ലാസ് നയിച്ചു.



റോമിലെ OSJ ജനറലേറ്റിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ്
വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച്
ദിവ്യബലിയർപ്പിച്ചപ്പോൾ



കേരള ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ റോമാ ഇടവക വികാരിയും ഇറ്റലിയിലെ നാഷണൽ കോ-ഓർഡിനേറ്ററുമായി നിയമിതനായ ഫാ. പോൾ സണ്ണിയും സ്ഥാനമൊഴിഞ്ഞ ഫാ. സനു ഔസേപ്പും അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവുമൊത്ത്.

JUNE 2023
Vol. 16 • Issue 6
*Published on*
1th June 2023

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2023-25**
LIC. No. **KL/CR/KTM/WPP-03/2023-25**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

Meredian College Mangalore
EXCEL TO LEAD

# MEREDIAN
## GROUP OF INSTITUTIONS

AFFILIATED TO MANGALORE UNIVERSITY, RGUHS &
RECOGNIZED BY THE GOVERNMENT OF KARNATAKA

Email : jyothisindia1@rediffmail.com | Website : www.merediancollege.com
**Ph:0824 2463674 | 2953675 | Mob:9060773557**

* SUBBAIAH MEDICAL COLLEGE
* SUBHADRA NURSING COLLEGE
* MOUNT SHEPHERD COLLEGE OF NURSING
* CITY HOSPITAL
* SCS HOSPITAL

**NURSING :**

**BSc, GNM, PB BSc & MSc.**
**BBA, BCom, BCA & BSc Hotel Management**

**ADDON COURSES** *Aviation and Hospitality Mgt.*
*ACCA/ CA, Logistics & Digital Marketing*
*Data Analytics & Cyber Security*
*Graphic Designing & Video Editing*














Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180